(ബി—ഡി) ഉദിക്കുന്നില്ല.

ക്ഷേത്രങ്ങളിൽ തമിഴിൽ എഴുതിയ ബോർഡുകളും അറിയിപ്പുകളും സ്ഥാപിക്കാൻ നടപടി

78 [3804] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂരിലെ ശ്രീകുരുംബ ഭഗവതി ക്ഷേത്രം, തിരുവഞ്ചിക്കുളം ക്ഷേത്രം എന്നിവിടങ്ങളിൽ എത്തുന്ന ഭക്തരിൽ നല്ലൊരു ശതമാനവും തമിഴ്നാട്ടു കാരാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവർക്കുവേണ്ടി പ്രത്യേകമായി എന്തെങ്കിലും സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ക്ഷേത്രങ്ങളിൽ തമിഴിൽ എഴുതിയ ബോർഡുകളും, അറിയിപ്പുകളും സ്ഥാപിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) ഇവർക്കു മാത്രമായി പ്രത്യേക സൗകര്യങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. ദർശനം, വഴിപാട്, വിശ്രമം എന്നിവ സംബന്ധിച്ച് ആവശ്യമുള്ള സ്ഥലങ്ങളിലെല്ലാം തമിഴിൽ എഴുതിയ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

ക്ഷേത്രങ്ങൾക്ക് എച്ച്.ആർ. ആന്റ് സി. മുഖേന സാമ്പത്തിക സഹായം

79 [3805] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഏതെല്ലാം ക്ഷേത്രങ്ങൾക്ക് എച്ച്. ആർ. ആന്റ് സി. കമ്മീഷൻ മുഖേന സാമ്പത്തിക സഹായം നൽകി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലയിൽ ഇത്തരം സാമ്പത്തിക സഹായം നൽകുന്ന ക്ഷേത്രങ്ങളുടെ ലിസ്റ്റും അവസാനം ഓരോ ക്ഷേത്രത്തിനും നൽകിയ സഹായധനവും എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) മേൽ സാമ്പത്തിക സഹായം നൽകുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. വകുപ്പിന് കീഴിൽ, നിശ്ചിതസമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കുന്ന അമ്പലങ്ങളെ അതത് ഏരിയാകമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ക്ഷേത്ര പുനരുദ്ധാരണ ധനസഹായത്തിന് പരിഗണിച്ചുവരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സി, ഡി, ഗ്രേഡിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് വേണ്ടിവരുന്ന തുകയുടെ 30 ശതമാനം ക്ഷേത്രം വരുമാനത്തിൽനിന്നും എടുത്തശേഷം ബാക്കി തുക മാനേജ്മെന്റ് ഫണ്ടിൽനിന്നും അനുവദിച്ചു വരുന്നു.

കൊടുങ്ങല്ലൂർ ശ്രീകുരുംബ ഭഗവതി ക്ഷേത്രത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

80 [3806] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊടുങ്ങല്ലൂർ ശ്രീകുരുംബ ഭഗവതി ക്ഷേത്രത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ക്ഷേത്രത്തിൽ ഭക്തർക്കുവേണ്ടി നടപ്പാക്കിയ പരിഷ്കാരങ്ങൾ വിശദമാക്കുമോ;

(സി) ശ്രീകുരുംബ ഭഗവതി ക്ഷേത്രത്തിൽ സർക്കാർ ഭാവിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നവീകരണ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ക്ഷേത്ര സമുച്ചയം നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഭക്തജനങ്ങളുടെ ആവശ്യം പരിഗണിച്ച് കംഫർട്ട് സ്റ്റേഷൻ, ക്ലോക്ക് റൂം എന്നിവ ഏർപ്പെടുത്തുകയും ഭക്തജനങ്ങളുടെ വിശ്രമത്തിനും താമസത്തിനും വേണ്ട ഏർപ്പാടുകൾ ചെയ്യുകയും ചെയ്തു. ക്ഷേത്രക്കുളം വൃത്തിയായി സൂക്ഷിച്ചു വരുന്നു. ദർശനത്തിനും വഴിപാടുകൾ നടത്തുന്നതിനും വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ക്ഷേത്രനട ഉച്ചയ്ക്ക് 12 മണി വരെ തുറന്നു വയ്ക്കുന്നുണ്ട്.

(സി) ക്ഷേത്ര സമുച്ചയത്തിന്റെ നവീകരണവും പഴയ ചെമ്പോലകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന പണിയും കൊച്ചിൻ ദേവസ്വം ബോർഡ് നടത്തി കൊണ്ടിരിക്കുകയാണ്.

ഔഷധങ്ങളുടെ ഉൽപ്പാദന വിതരണ മേഖല

81 [3807] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധങ്ങളുടെ ഉൽപ്പാദന വിതരണ മേഖലകളിൽ ദേശീയ അന്തർദേശീയ സ്വകാര്യ കുത്തക കമ്പനികളുടെ മേധാവിത്വം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly